മാതൃഭൂമി

4 February 2017

# ആഴിയറിവിന്റെ അറിയാക്കാഴ്ചകൾ

**കൊച്ചി:** കടലറിവിന്റെ അത്ഭുതങ്ങളും സമുദ്ര ജൈവ വൈവിധ്യങ്ങളുടെ വിസ്മയങ്ങളും അനാവരണം ചെയ്തുകൊണ്ട് സി.എം.എഫ്.ആർ.ഐ. പ്രദർശനം സംഘടിപ്പിച്ചു.

70-ാമത് സ്ഥാപന ദിനത്തോടനുബന്ധിച്ചാണ് രാജ്യത്തെ മുൻനിര സ്ഥാപനമായ സി.എം.എഫ്.ആർ.ഐ. മ്യൂസിയവും ലബോറട്ടറികളും പൊതുജനങ്ങൾക്കായി തുറന്നിട്ടത്.

മീനുകളുടെ വയസ്സ് കണ്ടെത്തുന്ന പരിക്ഷണ ശാല സന്ദർശകരിൽ കൗതുകമുണർത്തി.

ജൈവ വൈവിധ്യ മ്യൂസിയം, കൃഷി മാതൃകകൾ, അക്വേറിയം, സാങ്കേതിക വിദ്യകളുടെ പ്രദർശനം സ്കൂൾ, കോളേജ് വിദ്യാർഥികളടക്കമുള്ള സന്ദർശകർക്ക് വിജ്ഞാനപ്രദമായി.

സമുദ്ര ജൈവ വൈവിധ്യ മ്യൂസിയത്തിൽ ഒരുക്കിയ വിവിധ കടൽപ്പായലുകളിൽ നിന്ന് ജാം, ജലാറ്റിൻ, അച്ചാർ തുടങ്ങി പെപ്സി വരെ നിർമിക്കുന്നു.

അടിത്തട്ട് മത്സ്യ വിഭാഗം സജ്ജീകരിച്ച സ്റ്റാളിൽ തിരണ്ടി, ഗിത്താർ മത്സ്യം, ആഫ്രിക്കൻ എയ്ഞ്ചൽ സ്രാവ്, മാച്ചാൻ, ടൈഗർ സ്രാവ്, ഏട്ട, അരണ മീൻ തുടങ്ങിയ മത്സ്യങ്ങളുടെ പ്രദർശനമുണ്ടായിരുന്നു.

പ്ലാസ്റ്റിക് വസ്തുക്കൾ ജല ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നതിന്റെ അപകടം ഓർമിപ്പിക്കുന്നതായിരുന്നു മത്സ്യപരിസ്ഥിതി സംസ്ഥാപന വിഭാഗത്തിന്റെ പ്രദർശനം.

കക്ക, ചിപ്പി വർഗങ്ങളുടെ പ്രദർശനവും കാഴ്ചക്കാരെ ആകർഷിച്ചു.

മ്യൂസിയം, അക്വേറിയം, ആറ്റിക് എന്നിവ സന്ദർശിക്കുന്നതിന് എല്ലാ ദിവസങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കും.

സ്ഥാപക ദിനത്തോടനുബന്ധിച്ച്, സി.എം.എഫ്.ആർ.ഐ.യുടെ രാജ്യത്തെ വിവിധ ഭാഗങ്ങളിലുള്ള ഗവേഷണ കേന്ദ്രങ്ങളിലും പ്രദർശനമുണ്ടായിരുന്നു.

ഒരു വർഷം നീണ്ടുനിൽക്കുന്ന സപ്തതി ആഘോഷ പരിപാടിയുടെ ഉദ്ഘാടനം 18ന് സി.എം.എഫ്.ആർ.ഐ.യിൽ വെച്ച് നടക്കും.

ഗവർണർ പി. സദാശിവം മുഖ്യാതിഥിയാകും.



കടലിലെ കാഴ്ചകൾ...സി.എം.എഫ്.ആർ.ഐ.യുടെ 70-ാം സ്ഥാപക ദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഒരുക്കിയ സമുദ്ര ജൈവ വൈവിധ്യ പ്രദർശനത്തിൽ നിന്ന്

## കാവാലി...ഡാ; പേരിലെ കടൽ കൗതുകങ്ങൾ

**കൊച്ചി:** 'കാവാലി' എന്നു കേട്ടാൽ ഒരു ഞണ്ടിന്റെ പേരാണെന്നു തോന്നുന്നുണ്ടോ? സംഗതി ഞണ്ട് തന്നെ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിച്ച കടലറിവുകളുടെ പ്രദർശനത്തിൽ ശ്രദ്ധേയമായി, ഇത്തരം പേരുകൾ.

കാവാലിക്കു പുറമെ 'കുരിശു ഞണ്ടും' ഞണ്ടുവർഗ വിഭാഗത്തിൽ കാഴ്ചക്കാരെ ആകർഷിച്ചു.

നീലസുന്ദരി മത്സ്യം, തത്ത മത്സ്യം, വവ്വാൽ മത്സ്യം, ഓറഞ്ച് കോമാളി മത്സ്യം, സിംഹ മത്സ്യം, വല്യവായൻ ഗിറ്റാർ മത്സ്യം, അച്ചിങ്ങ സ്രാവ്, സൂര്യ മത്സ്യം തുടങ്ങി കിടിലൻ പേരുകളുമായി വിവിധയിനം മത്സ്യങ്ങൾ.

കുട്ടികളിൽ ചിരി പടർത്തി തവളമത്സ്യം പ്രദർശനത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. കണ്ടാലൊരു തവളയെ പോലിരിക്കുമെങ്കിലും ആളൊരു മത്സ്യമാണ്. ഉണ്ടക്കണ്ണുകളും വിഷലിപ്തമായ വീർത്ത വയറുമായി ഒരുകാലത്ത് മത്സ്യബന്ധന തൊഴിലാളികളെ ബുദ്ധിമുട്ടിച്ചിരുന്നു ഈ മത്സ്യം. ഇന്ന് ജപ്പാനിലേക്കും മറ്റുമുള്ള പ്രധാന കയറ്റുമതി ഇനമാണ്.

സൈക്കിൾ ചെയിൻ മീനിന്റെ പേരു തന്നെയാണോ എന്ന് സംശയം പ്രകടിപ്പിച്ച വിദ്യാർഥിയോട് മീനിന്റെ ആകൃതിയാണ് പേരു വരാൻ കാരണമെന്ന് അധികൃതർ വിശദീകരിച്ചു.